ക്കേണ്ടതുമായ പണികൾ ഉടനെ തുടങ്ങുന്നുണ്ടെന്നു് അതിൽ പറഞ്ഞിട്ടുണ്ടു്. ബഹുമാനപ്പെട്ട പബ്ലിക്കു് ഹെൽത്തു് മന്ത്രിയവർകളും പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിനെക്കൊണ്ടു് ഇക്കാര്യത്തിൽ നിഷ്കർഷയോടുകൂടി ചെയ്യിക്കുവാൻ വേണ്ടതു ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് കിണറുകൾ കൂടുതൽ കഴിപ്പിക്കുവാനും കേടുപാടുകൾ തീർക്കുവാനും ഉള്ള കാര്യത്തിൽ ഗവ മെണ്ടു് പ്രവൃത്തിച്ചുകൊണ്ടിരിക്കുകയാണു്. ഇനിയും കിണറുകളുടെ കാര്യത്തിൽ ഇതുപോലെയുള്ള സംഗതികൾ ഗവമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ അതു് ഗവമേണ്ടിനു് വലിയ സഹായമായിരിക്കും അതിനുവേണ്ടി ഗവമേണ്ടിൽനിന്നും കഴിയുന്നതെല്ലാം ചെയ്യുവാൻ തയ്യാറാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ : പൊതുവിൽ ഒരു അന്വേഷണം നടത്തിച്ചുകൂടെ?

റാവുസാഹിബു് കെ. അയ്യപ്പൻ : എതെല്ലാം കിണറുകളാണുള്ളതെന്നതിനു് ഗവമേണ്ടിനു കണക്കുണ്ടു.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I withdraw the motion if I may be permitted to do so.

Motion, by leave, withdrawn

Mr. President: The question before the House is that a sum of Rs. 1,601 be granted under "36—Uplift of the Depressed Classes".

Demand put and carried

54. 41—Miscellaneous

Rao Sahib K. Ayyappan (*Minister for Public Works*): I rise to move for an additional allotment of Rs. 30,000 under "41—Miscellaneous 1—(f) Ministers' House".

I request that the transfer may be sanctioned.

Mr. President: The Hon'ble Member may move the cut motion.

Cut motion No. 3

Mr. P. Kumaran Ezhuthassan (*Vadakkancheri*): The purpose is there; any information if available may be furnished. The first is to ascertain from the Government whether the furnishing of all the houses occupied by all the Ministers or one or more of them as also to ascertain the main items of furnishing with reference to each of the Ministers and to respectfully inform the Government that this sort of lavish expenditure in the furnishing of the houses may be cried a halt to in the interests of all concerned.

റാവുസാഹിബു് കെ. അയ്യപ്പൻ : മെയിൻ ഐറ്റംസ്, ഫർണീച്ചർ, വിൻറാകർട്ടൻസ് മുതലായവ, ക്രോക്കറി, കുക്കിങ്ങ യൂട്ടൻസിൽസ് ഇവയാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ . ഇതിൽ നാലാളുകൾക്കും കൂടിയുള്ള ഫർണീച്ചർ ഉണ്ടോ?

റാവുസാഹിബു് കെ. അയ്യപ്പൻ : നാലാളുകൾക്കും ഉള്ളതു് ഉണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഇതിനുമുമ്പുള്ള മിനിസ്റ്റർക്കു കൊടുത്തിരുന്ന കസേരയും മേശയും കിടക്കയുമെല്ലാം എന്തുചെയ്തു?

റാവുസാഹിബു് കെ. അയ്യപ്പൻ : ആ കെട്ടിടത്തിൽ പുതുതായി കുറെസാധനങ്ങൾ മാത്രമെ കൊടുത്തിട്ടുള്ളു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഈ ൩൦, ൦൦൦-ൽ നിന്നു് പബ്ലിക്കു് ഹെൽത്തു മന്ത്രിക്കു് എന്താണു് കൊടുത്തതു്? ഞാൻ അദ്ദേഹത്തിന്റെ വക്കാലത്തു പിടിച്ചുകൊണ്ടു പറയുന്നതല്ല.

റാവുസാഹിബു് കെ. അയ്യപ്പൻ : അദ്ദേഹത്തിനു മുമ്പുണ്ടായിരുന്നതിൽ എത്ര കൂടുതൽ കൊടുത്തിട്ടുണ്ടു്, ഇപ്പോൾ എത്ര കൊടുത്തിട്ടുണ്ടു് എന്നു് രണ്ടും പ്രത്യേകം പ്രത്യേകമായി അറിയണമെങ്കിൽ നോട്ടിസ്സുവേണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഞാൻ പറയുന്നതിൽ അൽപം തെറ്റിധരിക്കരുതു്. ൫൦൦ ഉറുപ്പികയിൽ അധികം ഇപ്പോൾ കൊടുത്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ : അതിലധികമുണ്ടാകും. ഫർണീച്ചർ സാധനങ്ങൾ ഉണ്ടായിരുന്നു. കുക്കിംഗിനുള്ള സാമാനങ്ങൾ, ചായകുടിക്കാനുള്ള സാമാനങ്ങൾ ഇവയൊന്നും ഉണ്ടായിരുന്നില്ല. അതു വാങ്ങിക്കുവാനായിട്ടു് ഈ കാലത്തെ വിലക്കു് കുറച്ചധികം ചിലവായിട്ടുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എകദേശം എത്രയുണ്ടാകും?

റാവുബഹദൂർ ടി. കെ. നായർ: രണ്ടായിരം ഉറുപ്പികയിൽ കൂടുതൽ ഉണ്ടാകുവാൻ വിരോധമില്ല. അതൊക്കെ subject to correction ആണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മുമ്പുണ്ടായിരുന്ന ഗവമ്മെണ്ടിന്റെ സ്വന്തായ ഒരു മിനിസ്റ്റരുടെ ഹൌസ് ഒഴിച്ചു ബാക്കിയു മൂന്നു മിനിസ്റ്റർമാരുടെ ആവശ്യത്തിനു് രണ്ടായിരത്തിന്റെ ഒരു കണക്കു പറഞ്ഞു. ഏതായാലും ഒരു, ൦ ൦ ൦ ഉറുപ്പികയുടെ സാധനങ്ങളും മൂന്നു മിനിസ്റ്റർമാരുടെ ബംഗ്ലാവുകളും അലങ്കരിക്കുവാൻ ഉപയോഗിച്ചിട്ടുണ്ടെന്നു് ഗവമ്മെണ്ടു സമ്മതിച്ചിട്ടുണ്ടു് ശരാശരി ഒരു മിനിസ്റ്റർക്കു് ൯൦൦ ഉറുപ്പികയുടെ സാധനങ്ങളും പലവിധത്തിലായിട്ടു ഗവമ്മെണ്ടു് അറിഞ്ഞു കൊടുത്തിട്ടുണ്ടു്. ഉത്തരവാദിത്വഭരണം നടത്തുന്നതായിരിക്കുന്ന നമ്മുടെ കൊച്ചി രാജ്യത്തു ഉത്തരവാദിത്വമുള്ള മന്ത്രിമാർ സുഖസൌകര്യങ്ങളോടുകൂടി താമസിക്കരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ പറയുന്നതെന്നു ആരും തെറ്റിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു. അവർ ഇന്നു താമസിക്കുന്ന വീടുകളും സ്ഥിതി ചെയ്യുന്ന രീതികണ്ടുള്ള അസൂയകൊണ്ടു പറയുന്നതാണെന്നു് അവരാരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ എന്റെ സ്നേഹിതന്മാരെ നിങ്ങളാരും അങ്ങനെ തെറ്റിദ്ധരിക്കരുതേ! എന്നപേക്ഷിക്കുകയും ചെയ്യുന്നു.

ഇപ്പോൾ ഒരു കലഹത്തിൽ പതിനായിരം ഉറുപ്പികയുടെ ഫർണീച്ചർ ഉണ്ടു്. അതെല്ലാം ഇപ്പോൾ കാലത്തുണ്ടാക്കിയവയാണെന്നും സമ്മതിക്കാം. അതിനുംവേണ്ട ഒരു അത്തി! അതിൽ മന്നാമത്തെ ഒരുപദ്രവമുള്ളതു പണച്ചിലവാണു്. ലക്ഷമാവുപൂട്ടി താക്കോൽ കയ്യിൽവെച്ചിരിക്കുന്നതുപോലെയല്ല. കർഷകരുടെ പണമാണു് അതു്. അങ്ങിനെ ടഷ്കറിയിൽ പണം കൊടുക്കുന്നവരും പോരുന്ന കടിലുകളിൽ താമസിച്ചു്, മഴപെയ്താലും വെയിലുകൊണ്ടാലും സഹിച്ചു് ജീവിക്കുന്നവരുമായ ആ സാധുക്കളും മന്ത്രിമാർ താമസിക്കുന്ന കെട്ടിടങ്ങളുടെ അടുക്കൽക്കൂടിയെങ്ങാനും പോകാനിടവന്നാൽ അവർ സംഘടിക്കാതെ ഒറക്കുപോയാൽതന്നെ എന്തുചെയ്യുമെന്നു ഞാനിവിടെ പറയുന്നില്ല. അതു കാണുമ്പോൾ അവരുടെ മനസ്സു് വേദനിക്കും. നിങ്ങളെ അറിച്ചു പുറത്താക്കുവാൻ അവക്കു കഴിയുകയില്ലെങ്കിലും അവർ അയ്യോ എന്നു പറഞ്ഞാൽ ഒരുപക്ഷേ നിങ്ങളുടെ കെട്ടിടം തീ പിടിക്കുകയില്ലേ? അവർ നെഞ്ഞത്തു കൈവെച്ചാൽ നിങ്ങളുടെ കുഷ്യനു തീ പിടിക്കും. അതു അന്തരമുണ്ടു് അവരുടേയും നിങ്ങളുടേയും ജീവിത സൌകര്യങ്ങൾ. അവരെ സുഖസൌകര്യത്തോടുകൂടിയിരുത്തുവാൻ കച്ചകെട്ടി പുറപ്പെട്ടിരിക്കുന്നുവെന്നു് ഉച്ചൈസ്വരം ഘോഷിക്കുന്ന നിങ്ങൾതന്നെ അവരുടെ അടുക്കൽനിന്നും വാങ്ങുന്ന പണമെടുത്തു് ഇങ്ങിനെയുള്ള കാര്യങ്ങൾക്കായിട്ടു ചിലവുചെയ്താൽ അതു സാഹസമാണെന്നു ധരിക്കുവാനുള്ള ബുദ്ധി ഇന്നത്തെ ഗവമ്മെണ്ടിനില്ലെ എന്നു ഞാൻ ചോദിക്കുന്നു. നിങ്ങൾ താമസിക്കുന്ന വീടുകളിൽകാണുന്ന സാധനങ്ങളും അതിലെ സുഖസൌകര്യങ്ങളും അവർ കണ്ടു എന്നുവരികിൽ അവരുടെ മനസ്സിലുണ്ടാകുന്ന വേദനയുടെ ഫലമായിട്ടു തീ പിടിച്ചു് നിങ്ങൾ ഇരിക്കുന്ന കുഷ്യൻ കത്തിപ്പോകും.

പിന്നെ എന്നും ഞങ്ങളിവിടെയിരിക്കുവാനുള്ള ഉദ്ദേശക്കാരല്ല മന്ത്രിമാരെന്നും, ഏതവസരത്തിൽ ഞങ്ങളുദ്ദേശിക്കുന്നകാര്യം സാധിക്കാതെവരുന്നുവൊ ആ അവസരത്തിൽതന്നെ ഞങ്ങൾരുതിനെ പുല്ലുപോലെ വലിച്ചെറിഞ്ഞു പുറത്തിറങ്ങുമെന്നുമെല്ലാം അവർപറഞ്ഞുകേട്ടിട്ടുണ്ടു്. നിങ്ങളുടെ ശക്തിയാണു് ഞങ്ങളുടെ ശക്തി, നിങ്ങളുടെ ഉന്നമനത്തിനുവേണ്ടിയാണു് ഞങ്ങൾ നിലകൊള്ളുന്നതു് എന്നു പറഞ്ഞിട്ടുള്ള ആ ബഹുമാന്യന്മാർ എന്നെന്നേക്കും അവിടെയിരുന്നു എന്തെങ്കിലും വിക്രിയകൾചെയ്താൽ കണ്ടുകൊണ്ടു് സമ്മതിച്ചുകൊടുക്കുമെന്നോ ശപഥം ചെയ്തിട്ടില്ല. അങ്ങിനെയുള്ള വിക്രിയകൾചെയ്താൽതന്നെയും അതു അവർ ഇരിക്കുമ്പോൾ ഞങ്ങൾ നിലകൊള്ളുന്നതു് എന്നു പറഞ്ഞിട്ടുള്ള ആ ബഹുമാന്യന്മാർ എന്നെന്നേക്കും അവിടെയിരുന്നു എന്തെങ്കിലും വിക്രിയകൾചെയ്താൽ കണ്ടുകൊണ്ടു് സമ്മതിച്ചുകൊടുക്കുമെന്നോ ശപഥം ചെയ്തിട്ടില്ല. അങ്ങിനെയുള്ള വിക്രിയകൾചെയ്താൽതന്നെയും അതു അവർ ഇരിക്കുമ്പോൾ നടത്തുവാൻ സാധിക്കുകയില്ലെന്നും അതിനുള്ള ബുദ്ധി അവക്കുണ്ടെന്നും നമുക്കറിയാം. നിങ്ങളുടെ രക്ഷക്കുവേണ്ടിയും ഇത്തരത്തിൽ നിങ്ങളുടെ താമസസ്ഥലത്തു ഫർണീച്ചർ ചെയ്യുവാൻ നിങ്ങൾ സമ്മതിക്കരുതു്. ഫിനാൻസു് നിങ്ങളുടെ കയ്യിലില്ലാത്തതുകൊണ്ടു് മന്ത്രിമാർ സുഖമായി താമസിക്കട്ടെ എന്നു വിചാരിച്ചു് ഫിനാൻസു് ഡിപ്പാർട്ടുമെണ്ടിൽനിന്നു് നിങ്ങളുടെമേൽ കെട്ടിവെച്ചാലും നിങ്ങൾ നിങ്ങളുടെ ഭാവിയെക്കുറിച്ചാലോചിക്കണ്ടെ സർ? വേണ്ടേ? നിങ്ങൾ ഇന്നു ജീവിക്കുന്നതരത്തിൽ ഇനിമേലും അപ്രകാരം ജീവിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ലെന്നു നിങ്ങളെ അപലപിക്കുന്നതായി ആരും തെറ്റിദ്ധരിക്കരുതു്. നിങ്ങൾ മന്ത്രിമാരാകുന്നതിനുമുമ്പു് നിങ്ങളനുഭവിക്കുന്ന സുഖസൌകര്യങ്ങൾ എന്തൊക്കെയാണെന്നും, അതിനുള്ള പോംവഴികൾ നിങ്ങൾക്കുണ്ടെന്നും ഉള്ളതു് നിങ്ങളുടെ ഓരോരുത്തരുടെയും

LIBRARY ARCHIVES Kerala Legislative Assembly

രുടേയും ഭവനങ്ങളിൽവന്നു് ഞാൻ കണ്ടിട്ടുള്ളതുകൊണ്ടു് നിങ്ങൾക്കു് അവിടെയുള്ള സുഖ സൌകര്യങ്ങളും ഇവിടെയുള്ള സുഖസൌകര്യങ്ങളും തമ്മിൽ അല്പം വ്യത്യാസമുണ്ടായാലും ഇങ്ങിനെയുള്ള കാര്യങ്ങൾ അനുവദിച്ചു കൊടുക്കരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. അത്തരത്തിൽ ചിലവാക്കുന്ന പണം ഫൈനാൻസു മെമ്പറുടെ അടുക്കൽനിന്നു പിടിച്ചുവാങ്ങി മറ്റു ആവശ്യങ്ങൾക്കുവേണ്ടി ചിലവിടുവാൻ നിങ്ങൾ ശ്രമിക്കണം. ഡബിൾ കൃഷ്ണനും മറ്റും നിങ്ങൾ വേണ്ടെന്നുവെക്കണം. അവനവന്റെ കടികളിൽനിന്നു വരുന്ന വരുമാനത്തിന്റെ ൧൦൦-ൽ ൪-ം ചിലവുചെയ്യുന്ന രാജാക്കന്മാരുടെ ജീവിതരീതിയും നിങ്ങളുടെ ജീവിതരീതിയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ ആ താരതമ്യത്തിനുള്ള അവകാശത്തിൽ കവിഞ്ഞു് കൊച്ചിയിലെ ഒരു പൌരനെന്നുള്ള നിലയിൽ നിങ്ങൾക്കു ജീവിക്കുവാൻ അവകാശമുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഈവക പ്രവൃത്തികൾ വേണ്ടപോലെ നടത്തുവാനായിട്ടു നിങ്ങളെ അയച്ചിട്ടുള്ളതുകൊണ്ടു് നിങ്ങൾ അപ്രകാരം കാണിച്ചിട്ടുണ്ടോ, മേലിലും നിങ്ങൾ അങ്ങിനെ കാണിക്കുവാൻപോകുന്നുണ്ടോ എന്നാണു് ചോദിക്കുന്നതു്. അതുകൊണ്ടു് കൊച്ചിയിലെ ഒരു പൌരനെന്നുള്ള നിലയിൽ നിങ്ങളുടെ ഭാവിയും ശുഭപ്രയ്യവസായിയാക്കണമെന്നു ഞാനപേക്ഷിക്കുന്നു. അതിനു വേണ്ടതു നിങ്ങൾതന്നെ ചെയ്യണം. ഇത്രയധികം പണം ഈ ഇനത്തിൽ ചിലവാക്കരുതു്.

റാവുസാഹിബു് കെ. അയ്യപ്പൻ: സർ, ഈ കാര്യങ്ങളിലുള്ള അഭിപ്രായങ്ങൾ അധികവും പറയുന്നതു പറയുന്നവരുടെ അവലോകനം അനുസരിച്ചിരിക്കും. അധികമായിപ്പോയി എന്നു ചിലർ പറയും. അധികമായിട്ടില്ലെന്നു ചിലർ പറയും. ഈ നിയമസഭയിൽ കൃഷ്ണനിൽ ഇരിക്കുന്നതിനേയും പങ്കയുടെ താഴെ ഇരിക്കുന്നതിനേയും പറ്റിയും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. പ്രസിഡെണ്ടിനും മെമ്പർമാക്കും പുട്ടികൾമാത്രം ഇരിക്കാൻ മതിയെന്നും വേണമെങ്കിൽ വാദിക്കാം. കൊച്ചി രാജ്യത്തിലെ മന്ത്രിമാക്കു, അയ്യപ്പനേയോ, ടി. കെ. നായരേയൊ ഇയ്യുണ്ണിയേയൊ ഗോവിന്ദമേനോനേയൊ സംബന്ധിക്കുന്ന കാര്യമല്ല ഇതു്, അടുത്തവിധത്തിലുള്ള വീടുകൾ ഗവൺമെണ്ടിൽനിന്നു ഫർണീഷ്ചെയ്തുകൊടുത്തിട്ടുണ്ടു്. എതുകൊല്ലത്തേക്കാണു് ഈ ചിലവു വന്നിട്ടുള്ളതെന്നു നോക്കേണ്ടതുണ്ടു്. ചുരുങ്ങിയതു് ഒരമ്പതുകൊല്ലത്തേക്കുപയോഗിക്കാവുന്ന അതു മനാംതരം സാമാനങ്ങളാണു് ഗവൺമെണ്ടു വാങ്ങി കൊടുത്തിട്ടുള്ളതു്. വിടുരമല്ലാത്തഭാവിയിൽ ബഹുമാനപ്പെട്ട മെമ്പർതന്നെ മന്ത്രിയായിട്ടുവരുമ്പോൾ.....

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇന്നത്തെ മാതിരി ഭരിക്കുവാൻ ഞാൻ വരികയില്ല.

റാവുസാഹിബു് കെ. അയ്യപ്പൻ: അങ്ങിനെ വരുകയാണെങ്കിൽ വല്ലതും സാവല്ലമായിട്ടെ വാങ്ങിക്കേണ്ടിവരികയുള്ളു. അതുകൊണ്ടു് ജനങ്ങളുടെ പണം ഈ കാര്യത്തിൽ ചിലവാക്കുന്നതു് ജനങ്ങളുടെ രക്തം ഊറ്റിക്കുടിക്കുകയാണു് എന്നൊക്കെപറഞ്ഞു ജനങ്ങൾക്കു തെറ്റായ ധാരണ ഉണ്ടാക്കുന്നതു ശരിയല്ല എന്നാണു ഞാൻ ബഹുമാനപ്പെട്ട മെമ്പറോടു പറയുന്നതു്. ഈവക പ്രചരണംകൊണ്ടു ഫലമില്ല. ഇപ്പോൾ ചെയ്തിരിക്കുന്നതുപോലെ നല്ല വീടുകൾ ഫർണിഷ്ചെയ്തു മന്ത്രിമാക്കു കൊടുക്കേണ്ടതു് ഗവൺമെൻറിന്റെ ആവശ്യമാണെന്നു ഗവൺമെണ്ടു കരുതുന്നു; ജനങ്ങളുടെ ആവശ്യമാണെന്നു ഗവൺമെൻറു കരുതുന്നു; തൊഴിലാളികളുടെ ആവശ്യമാണെന്നു ഗവൺമെണ്ടുകരുതുന്നു; കൃഷിക്കാരുടെ ആവശ്യമാണെന്നു ഗവൺമെണ്ടു കരുതുന്നു. അവർ അവിടെയിരിക്കുമ്പോൾ അവരുടെ ജോലികൾ ശരിക്കു ചെയ്യുന്നുണ്ടോ എന്നാണു് നോക്കേണ്ടതു്. അല്ലാതെ അവരുടെ വീട്ടിലേക്കു കൊടുത്ത കസേരക്കു നിറം കൂടിയൊ കൃഷ്ണനു നിറം കൂടിയൊ എന്നൊന്നല്ല നോക്കേണ്ടതു്. അതുകൊണ്ടു് ഇനിയെങ്കിലും പങ്കയുടെ താഴെ ഇരിക്കുന്ന കാര്യവും കൃഷ്ണന്റെ മീതെയിരിക്കുന്ന കാര്യവും കട്ടിലും കസേരയും കൊടുക്കുന്ന കാര്യവും ആകുന്ന നീസ്സാരവാദങ്ങൾ പറഞ്ഞു്, ഈവക അത്യാവശ്യമായ കാര്യങ്ങളെ അപലപിക്കരുതെന്നെ എനിക്കു പറയുവാനുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരു മന്ത്രിയുടെ ഭവനമായ രാമവർമ്മ മന്ദിരത്തിൽ കാപ്പിപാത്രം വാങ്ങുവാനുള്ള പണമായിട്ടുണ്ടു് എന്നു പറഞ്ഞുവല്ലൊ. ആദ്യം അവിടെ ഉണ്ടായിരുന്നില്ലെ അതു് ?

റാവുസാഹിബു് കെ. അയ്യപ്പൻ: ആദ്യം അവിടെ ഉണ്ടായിരുന്നുവൊ എന്നു നോട്ടീസ്സുകൂടാതെ പറയുവാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഈ ഉപക്ഷേപം ഗവമ്മെണ്ടിന്റെ മുമ്പാകെ കൊണ്ടുവരേണ്ടതു് വളരെ ആവശ്യമാണെന്നു തോന്നിയതുകൊണ്ടു് കൊണ്ടുവരികയും, അതിനെ മരാമത്തുമന്ത്രിയായ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ അയ്യപ്പന്റെ വീക്ഷണകോണിൽനിന്നു നോക്കുവാൻ സാദ്ധ്യമാകാതെ ഞാൻ ശിലിച്ചിട്ടുള്ള വീക്ഷണകോണിൽനിന്നു കൊച്ചിയുടെ ആകെ ഇന്നത്തെ സ്ഥിതിയെ നോക്കുവാനുള്ള വിധിതപമുണ്ടായതുവെച്ചു കൊണ്ടാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട മരാമത്തുമന്ത്രി പറഞ്ഞമാതിരി ൩,൦൦൦ ക. മുന്നുമന്ത്രിമാരുടെ വിട്ടകളിലുള്ള കസേരകളും അതുകൊണ്ടുള്ള കൃഷ്ണനം ആവശ്യത്തിലുമധികമുള്ള കട്ടിലുകളും കിടക്കകളും പങ്കകളും മറ്റും മറ്റും ഉണ്ടാക്കുന്നതിനു ചിലവുചെയ്തതു് ന്യായമായി എന്നു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നു ഈ നിയമസഭാമന്ദിരത്തിൽ ഇരിക്കുന്ന ആരും, മനസ്സാക്ഷിയെ വഞ്ചിക്കാതെ വിശ്വസിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ആ പ്രസംഗം അതേപടിപുറത്തുവന്നാലും ഇതിൽനിന്നു വ്യത്യസ്ഥമായ ഒരഭിപ്രായം പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടാകുമെന്നു എനിക്കു വിശ്വാസമില്ല. ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടിവരും അതിനുള്ള ശ്രമം തുടങ്ങിട്ടുണ്ടെന്നും എനിക്കറിയാം. പക്ഷെ ഫലം എങ്ങിനെവരുമെന്നു എനിക്കറിഞ്ഞുകൂടാ. ഞാൻ ആദ്യംതന്നെപറഞ്ഞു വീക്ഷണകോണത്തിന്റെ വ്യത്യാസംവെച്ചുകൊണ്ടായിരിക്കും ഇതിനുള്ള മറുപടിയെന്നു്. ഇന്നലെ അശോകവനിതാന്യായം ഉന്നയിച്ചമന്ത്രി.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അശോകവനിതയല്ല അശോകവനികാന്യായമാണു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: തെറ്റു തിരുത്തിതന്നതിനു് ഒരു ശിഷ്യന്റെ നിലയിൽനിന്നുകൊണ്ടു് ഞാൻ അദ്ദേഹത്തെ നമസ്കരിക്കുന്നു. (ചിരി)

നിങ്ങൾ ഇതിനെപ്പറ്റി പുറത്തുപോയി പ്രസംഗിച്ചാലുംകൂടി ഇതിൽ കാര്യമില്ല. പ്രസംഗംമാത്രമെയുള്ളു എന്നു ധരിക്കുന്ന ആളുകളാണു് കൊച്ചിയിൽ ഉണ്ടാകുക. എന്റെ അറിവിൽ ഈ കാര്യത്തിനു ഇത്രയും സംഖ്യ ചിലവാക്കുവാൻ പാടില്ല എന്ന അഭിപ്രായക്കാരാണു് കൊച്ചി യിൽ അധികമുള്ളതു് എന്നാണു്. ഞാൻ ഇതിന്റെ ഭാവിയെക്കുറിച്ചു പറഞ്ഞതു് നിങ്ങൾ വോട്ടിന്റേയും ബഞ്ചിന്റേയും കാര്യം പറഞ്ഞതിൽനിന്നു്, നിങ്ങൾ വ്യക്തിപരമാണെന്നു ശങ്കിച്ചുപോയി. കൊച്ചിയുടെ ഇന്നത്തെ സ്ഥിതിവെച്ചു നോക്കിയാൽ കൊച്ചിയിലെ മന്ത്രിമാക്കു, ശ്രീമാൻ ടി. കെ. നായരേയൊ, ശ്രീമാൻ അയ്യപ്പനേയൊ, ശ്രീമാൻ ഇയ്യണ്ണിയേയൊ ശ്രീമാൻ ഗോവിന്ദമേനോനേയൊ ഉദ്ദേശിച്ചല്ല ഞാൻ പറയുന്നതു്, എന്റെ അഭിപ്രായത്തിൽ ഇന്നു് അവർ താമസിക്കുന്ന വീടുകൾ, ഇത്ര അധികം, ഒന്നിനൊന്നു വ്യത്യാസപ്പെട്ട വാടകക്കു് ഒന്നിനൊന്നു വ്യത്യാസപ്പെട്ട ഫർണിഷിംഗോടുകൂടി ആവശ്യമില്ല; നിങ്ങൾ ഇന്നുചെയ്തിരിക്കുന്നതു് ക്ഷന്തവ്യമായ ഒരപരാധമാണു്; അതു നിങ്ങൾക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ അതു നിങ്ങളുടെ തെറ്റാണു്; നിങ്ങൾ ഈ വിധത്തിലുള്ള ഒരു ജീവിത മാതൃക സ്ഥാപിക്കരുതേ എന്നാണു് ഞാൻ പറയുന്നതു്. നിങ്ങളുടെ മനസ്സിൽ തോന്നുന്നമാതിരി, നിങ്ങളുടെ പ്രസംഗത്തിനു തെറ്റില്ലാത്തമാതിരി, നിങ്ങൾ പെരുമാറണം. നിങ്ങളുടെപേരിൽ പണം ദുരുപയോഗംചെയ്യുന്നതിനു ഫിനാൻസുമെമ്പർ തന്നാൽ അതിവിടെ പാടില്ല, ആവശ്യമില്ല എന്നു നിങ്ങൾ പറയണം

റാവുസാഹിബു് കെ. അയ്യപ്പൻ: ഇവർ ആയിരിക്കയില്ല ഇതിനുത്തരവാദികൾ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഫിനാൻസു മെമ്പർ ആവശ്യമില്ലാതെ പണം നിങ്ങളുടെ മേൽ കെട്ടിവെച്ചാൽ അതു ഇവിടെ വേണ്ട എന്നു പറയണം.

റാവുസാഹിബു് കെ. അയ്യപ്പൻ: ഞാൻ ഭാവിമന്ത്രിമാരെപ്പറ്റിയാണു് പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: നിങ്ങൾക്കു എന്തൊ അബദ്ധംപറ്റി. എന്റെ ഗവമ്മെണ്ടിനും തെറ്റുവരാൻപാടില്ലെന്നുണ്ടൊ? ഞാൻ നിവസിക്കുന്ന പ്രദേശത്തു് എന്റെ മുറപ്പാട്ടുകളിലുള്ള പൊതുജനങ്ങളുടെ മനോവേദന അറിഞ്ഞുകൊണ്ടു് നിങ്ങളുടെ ഈ വിഷയത്തിലുള്ള മനസ്സുമാറ്റി നിങ്ങളെ നന്നാക്കണം, എല്ലാവരേയും നന്നാക്കണം എന്ന ഉദ്ദേശത്തിലാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതിനെപ്പറ്റി വീക്ഷണകോണത്തിന്റെ തെറ്റാണെന്നൊ എത്രതന്നെ പറഞ്ഞാലും തരക്കേടില്ല. എന്റെ വീക്ഷണകോണത്തിൽനിന്നും അണുപോലും എന്നെ മാറ്റുവാൻ നിങ്ങൾക്കു സാധിച്ചിട്ടില്ല. ഈ സംഖ്യ പോര കൂടുതൽസംഖ്യ വേണ്ടിവരുമെന്നു് എന്തൊ എന്റെ ചെവിട്ടിൽ പറയുന്നു. ഇനിയും ഈ വിഷയത്തിൽ പണം ചിലവാക്കേണ്ടിവരുമെന്നും കക്കടകമാസത്തിലും കൂടു

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

തൽ സംഖ്യക്കുള്ള അഭ്യർത്ഥനകൾ വരുമെന്നും ആരൊ എങ്കിൽ ചെവിട്ടിൽ മന്ത്രിക്കുന്നു. അ തുകൊണ്ട് പ്രസംഗം എങ്ങിനെയെങ്കിലും ഇരിക്കട്ടെ. കാശ്മീർ വേണ്ടതുപോലെ ആദ്യമായി ഈ കാശ്മീരിൽ വേണ്ടത് ഉടനെ ചെയ്യിക്കുവാൻ ദയവുണ്ടാകണം. ഇത്രയും പറഞ്ഞു കൊണ്ട് ഉപക്ഷേപം പിൻവലിക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Mr. President: The question before the House is that a sum of Rs. 30,000 under "41—Miscellaneous—1—(f) Ministers' House" be granted.

Demand put and carried

55. 30—Public Works—C. O. V.

Rao Sahib K. Ayyappan (*Minister for Public Works*): I rise to move for a transfer of Re. 1—under "B. 1. 247/22 by transfer" from "30 Public Works—C. O. V." I request that the House may be pleased to sanction the transfer.

Mr. President: The question before the House is that a transfer of Re. 1 under "B. 1. 247/22" from "30—Public Works C.O.V." be granted.

Demand put and carried

56. 10—Anchal (Cranganur)

Rao Sahib K. Ayyappan (*Minister for Public Works*): I rise to move for an additional allotment of Rs. 108 under "10—Anchal (a) Establishment (Cranganur)". I pray that the House be pleased to grant the amount.

Mr. President: The question before the House is that a sum of Rs. 108 under "10—Anchal (a) Establishment (Cranganur)" be granted.

Demand put and carried

57 & 58. 16-1—Huzur Secretariat

Rao Sahib A. Madhava Prabhu (*Chief Secretary to Government*): With reference to items 57 and 58 there are two cut motions and certain information are called for. I am not ready. That information is yet being collected. So, if the cut motions are to be moved, I request that these demands may be allowed to be moved later and the cut motions permitted.

Mr. President: Then these two items may be moved as the last items.

59. 16-1—Huzur Secretariat

Rao Sahib A. Madhava Prabhu (*Chief Secretary to Government*): I rise to move for an additional allotment of Rs. 5,000 under "16-1—Huzur Secretariat." Of late the correspondence has increased and the allotment made was not found sufficient. That is the obvious purpose. I request that this may be sanctioned.

Mr. President: The question before the House is that a sum of Rs. 5,000 be granted under "16-1—Huzur Secretariat.

Demand put and carried

60. 16-1—Huzur Secretariat

Rao Sahib A. Madhava Prabhu (*Chief Secretary to Government*): I rise to move for an additional allotment of Rs. 3,800 under 16-1—Huzur Secretariat—Office expenses". I request that this may be sanctioned.

Mr. President: The question before the House is that a sum of Rs. 3,800 be granted under "16-1—Huzur Secretariat".

Demand put and carried

61. 16-1—Huzur Secretariat

Rao Sahib A. Madhava Prabhu (*Chief Secretary to Government*): I rise to move for an additional allotment of Rs. 8,000 under "16-1—Huzur Secretariat—Miscellaneous."

Mr. President: The question before the House is that an amount of Rs. 8,000 under "16-1—Huzur Secretariat—Miscellaneous" be granted.

Demand put and carried

62. 16-1—Huzur Secretariat

Rao Sahib A. Madhava Prabhu (*Chief Secretary to Government*): I rise to move for an additional allotment of 4,000 under "16-1—Huzur Secretariat—T. A. of the officers of the secretariat." This additional amount is necessary to send peons to each Minister to the several

LIBRARY ARCHIVES Kerala Legislative Assembly